REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 30-07-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **രാജ്യസഭയിൽ ഓപ്പറേഷൻ സിന്ദൂർ പ്രത്യേക ചർച്ച പുനരാരംഭിച്ചു.**
- **നാസ- ISRO നിസാർ ഉപഗ്രഹ വിക്ഷേപണം വൈകിട്ട് 5-40 ന് ശ്രീഹരിക്കോട്ടയിൽ നിന്ന്.**
- **മുണ്ടക്കൈ- ചൂരൽമല ഓർമ്മദിനത്തിൽ പുത്തുമല ജൂലായ് 30 ഹൃദയഭൂമിയിൽ പുഷ്പാർച്ചനയും സർവമത പ്രാർത്ഥനയും നടത്തി.**
- **സംസ്ഥാനത്ത് മഴയുടെ ശക്തി കുറഞ്ഞു. കാറ്റിന് സാധ്യത- ഇന്നും മത്സ്യബന്ധനത്തിന് വിലക്ക്.**
- **ഈ വർഷം നികുതി നിരക്കുകളിൽ മാറ്റം വരുത്തില്ലെന്ന് ആദായനികുതി വകുപ്പ്.**

## വാർത്തകൾ വിശദമായി

രാജ്യസഭയിൽ ഓപ്പറേഷൻ സിന്ദൂർ പ്രത്യേക ചർച്ച പുനരാരംഭിച്ചു. വിദേശകാര്യമന്ത്രി ഡോ. S ജയശങ്കറാണ് ഇപ്പോൾ സഭയിൽ സംസാരിക്കുന്നത്.

പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഉച്ചയ്ക്ക് 12 വരെ നിർത്തിവെച്ച രാജ്യസഭ അല്പം മുമ്പ് പുനരാരംഭിച്ചെങ്കിലും പ്രതിപക്ഷം പ്രതിഷേധം തുടരുന്നു.

ഓപ്പറേഷൻ സിന്ദൂർ വിഷയത്തിൽ ഇന്നും രാജ്യസഭയിൽ ചർച്ച നടത്തും. സൈനിക നടപടിയ്ക്കിടെ വെടിനിർത്തൽ പ്രഖ്യാപിച്ചതുമായി ബന്ധപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഗവൺമെന്റിനെ വിമർശിച്ചു. പഹൽഗാം ഭീകരാക്രമണത്തെപ്പറ്റി മുൻകൂട്ടി വിവരം ലഭിക്കാതിരുന്നത് ഇന്റലിജൻസ് വീഴ്ച കൊണ്ടാണെന്ന് രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജ്ജുൻ ഖാർഗെ

അടക്കം നേതാക്കൾ വിമർശിച്ചു. എന്നാൽ വെടിനിർത്തൽ ആരുടെയും സമ്മർദ്ദത്തിന് വഴങ്ങിയല്ലെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് സഭയിൽ വ്യക്തമാക്കി.

✪✪✪

ജമ്മുകശ്മീരിൽ രണ്ട് ഭീകരപ്രവർത്തകരെ കൂടി സുരക്ഷാസേന വെടിവെച്ചു കൊന്നു. പൂഞ്ച് സെക്ടറിലെ നിയന്ത്രണരേഖയിൽ കൂടി നുഴഞ്ഞു കയറാൻ ശ്രമിക്കുന്നതിനിടെയാണ് ഏറ്റുമുട്ടലുണ്ടായത്. ലഷ്കർ ഇ ത്വയ്ബ സംഘടനയിൽപ്പെട്ടവരാണ് മരിച്ച രണ്ടു പേരുമെന്ന് സൈന്യം എക്സ് പോസ്റ്റിൽ അറിയിച്ചു. പഹൽഗാം ഭീകരാക്രമണത്തിൽ പങ്കുണ്ടായിരുന്ന രണ്ടു പേരെ കഴിഞ്ഞ ദിവസം സൈന്യം വധിച്ചിരുന്നു.

✪✪✪

നാസയുടെയും, ISRO യുടെയും ആധുനിക റഡാറുകളുമായി നിസാർ ഉപഗ്രഹം ഇന്ന് ശ്രീഹരിക്കോട്ടയിൽ നിന്ന് വിക്ഷേപിക്കും. സതീഷ്ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് വൈകിട്ട് 5-40 ന് GSLV -F-16 റോക്കറ്റ് ഉപയോഗിച്ചാണ് വിക്ഷേപണം. കൗണ്ട് ഡൗൺ ഇന്നലെ ഉച്ചയ്ക്ക് 2-10 ന് ആരംഭിച്ചു.

12 ദിവസം കൊണ്ട് ഭൂമിയെ മുഴുവൻ സ്കാൻ ചെയ്യുന്ന റഡാർ സംവിധാനമാണ് ഉപഗ്രഹത്തിൽ ഒരുക്കിയിരിക്കുന്നത്. കാലാവസ്ഥാമാറ്റ ഗവേഷണം, ദുരന്ത പ്രതികരണം തുടങ്ങിയ മേഖലകൾക്ക് സെന്റീമീറ്ററുകളുടെ സൂക്ഷ്മതയോടെ വ്യക്തമായ ചിത്രങ്ങൾ റഡാറുകൾ ലഭ്യമാക്കും. കപ്പലുകളുടെ ഗതി നിരീക്ഷിക്കാനും, കൊടുങ്കാറ്റടക്കം പ്രകൃതിക്ഷോഭങ്ങൾ മുൻകൂട്ടി കണ്ടെത്താനും നിസാർ സഹായകമാകും.

✪✪✪

ഈ വർഷത്തെ ആദായനികുതി ബിൽ പ്രകാരം നികുതി നിരക്കുകളിൽ മാറ്റം വരുത്തില്ലെന്ന് ആദായനികുതി വകുപ്പ് അറിയിച്ചു. നിർദ്ദിഷ്ട ആദായനികുതി ബിൽ, അനാവശ്യമോ കാലഹരണപ്പെട്ടതോ ആയ വ്യവസ്ഥകൾ നീക്കം ചെയ്യാൻ മാത്രമാണെന്നും, അതിനാൽ നികുതി നിരക്കുകളിൽ ഒരു മാറ്റവും നിർദ്ദേശിക്കുന്നില്ലെന്നും വകുപ്പ് വ്യക്തമാക്കി. ദീർഘകാല- മൂലധന ലാഭത്തിന്റെ നികുതിയിൽ മാറ്റമുണ്ടാകുമെന്ന തരത്തിൽ ചില മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിലാണ് വിശദീകരണം.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് മുതൽ പശ്ചിമ ബംഗാളിലും ജാർഖണ്ഡിലും മൂന്ന് ദിവസത്തെ സന്ദർശനം നടത്തും. പശ്ചിമ ബംഗാൾ സന്ദർശന വേളയിൽ, കല്യാണിയിൽ എയിംസിന്റെ ആദ്യ ബിരുദദാന ചടങ്ങിൽ അവർ പങ്കെടുക്കും.

ജാർഖണ്ഡിൽ, എയിംസ് ദിയോഖറിന്റെ ആദ്യ ബിരുദദാന ചടങ്ങിലും രാഷ്ട്രപതി സംബന്ധിക്കും. പിന്നീട്, ധൻബാദ് IIT യുടെ 45-ാം ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും.

✪✪✪

വയനാട്ടിലെ മുണ്ടക്കൈ-ചൂരൽമല ഗ്രാമങ്ങളെ ഉരുളെടുത്ത കണ്ണീരനുഭവത്തിന് ഒരാണ്ട് തികഞ്ഞു. പുത്തുമല 'ജൂലൈ 30 ഹൃദയഭൂമി'യിൽ രാവിലെ ഹാരിസൺ പ്ലാന്റേഷൻ തൊഴിലാളികളുടെ നേതൃത്വത്തിൽ പുഷ്പാർച്ചന നടത്തി.

ജില്ലാ ഭരണകൂടവും, മേപ്പാടി ഗ്രാമപഞ്ചായത്തും ചേർന്ന് രാവിലെ പുഷ്പാർച്ചനയും സർവമത പ്രാർത്ഥനയും സംഘടിപ്പിച്ചു. മേപ്പാടി MSV ഓഡിറ്റോറിയത്തിൽ അനുസ്മരണ യോഗം ആരംഭിച്ചു. മന്ത്രിമാരായ K.രാജൻ, AK ശശീന്ദ്രൻ, OR കേളു, PA മുഹമ്മദ് റിയാസ് തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്.

✪✪✪

വിജ്ഞാന കേരളം പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനവും ധാരണാപത്രം ഒപ്പു വയ്ക്കലും അല്പസമയത്തിനകം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും. കെ-ഡിസ്കും ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന നാഷണൽ സർവീസ് സ്കീമും ചേർന്നാണ് വിജ്ഞാന കേരളം പദ്ധതി നടപ്പാക്കുന്നത്.

✪✪✪

രാജ്യത്തെ രണ്ടാം നിര നഗരങ്ങളിൽ 4,625 വൈദ്യുതി ചാർജിങ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് കേന്ദ്ര സഹ മന്ത്രി ഭൂപതിരാജു S ശർമ്മ പറഞ്ഞു. ഇതിനു പുറമെ തമിഴ്നാട്ടിലെ രണ്ടാം നിര നഗരങ്ങളിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് PME ഡ്രൈവ് പദ്ധതി പ്രകാരം രണ്ടായിരം കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും അദ്ദേഹം ലോക്സഭയിൽ വ്യക്തമാക്കി.

✪✪✪

റഷ്യയിലെ കംചത്കാ പെനിൻസുലയിലെ പഫസിക് തീരത്ത് ശക്തമായ ഭൂചലനം. റിക്ടർ സ്കെയിലിൽ 8.8 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തെ തുടർന്ന് റഷ്യ, ജപ്പാൻ, പഫസിക് സമുദ്ര ദ്വീപ് രാഷ്ട്രങ്ങൾ എന്നിവിടങ്ങളിൽ സുനാമി മുന്നറിയിപ്പു നൽകി.

✪✪✪

സംസ്ഥാനത്ത് കാലവർഷത്തിന്റെ ശക്തി നേരിയ തോതിൽ കുറഞ്ഞു. ഇന്ന് ഒരു ജില്ലയിലും ജാഗ്രതാ നിർദ്ദേശമില്ല. എന്നാൽ എല്ലാ ജില്ലകളിലും മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ വിലയിരുത്തൽ.

കേരള- ലക്ഷദ്വീപ്- കർണാടക തീരങ്ങളിൽ ശക്തമായ കാറ്റുണ്ടാകാൻ സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

സംസ്ഥാനത്ത് ട്രോളിങ്ങ് നിരോധനം നാളെ അർദ്ധരാത്രി അവസാനിക്കും. പ്രതീക്ഷയോടെ പുതിയ സീസണ് തയ്യാറെടുക്കുകയാണ് യന്ത്രവത്കൃത മത്സ്യബന്ധനമേഖല.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി നീരജ് ലാൽ.

....(വോയ്സ്)......

✪✪✪

(ഇപ്പോൾ കിട്ടിയത്)

രാജ്യസഭയിൽ ഓപ്പറേഷൻ സിന്ദൂർ പ്രത്യേക ചർച്ച പുനരാരംഭിച്ചു. വിദേശകാര്യമന്ത്രി ഡോ. S ജയശങ്കറാണ് ഇപ്പോൾ സഭയിൽ സംസാരിക്കുന്നത്.

✪✪✪

KSRTC യ്ക്ക് പെൻഷൻ വിതരണത്തിന് 71 കോടി 21 ലക്ഷം രൂപ ഗവൺമെന്റ് അനുവദിച്ചു. ഈ മാസം ആദ്യഗഡുവായി 20 കോടി രൂപ നേരത്തെ അനുവദിച്ചിരുന്നു. ഈ വർഷത്തെ ബജറ്റിൽ അനുവദിച്ച 900 കോടി രൂപയിൽ 479 കോടി രൂപയും ഇതിനകം കൈമാറിയതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു.

✪✪✪

KSRTC യിലെ ഉപഭോക്തൃ സൗഹൃദ സേവനം മെച്ചപ്പെടുത്താനും, വിവരങ്ങൾ ലഭ്യമാക്കാനും എല്ലാ സ്റ്റേഷൻ ഓഫീസുകളിലും പ്രത്യേക മൊബൈൽ നമ്പർ സംവിധാനം നടപ്പിലാക്കി. ഇപ്പോഴത്തെ ലാൻഡ് ഫോൺ സംവിധാനം

അപര്യാപ്തമാണെന്ന വിലയിരുത്തലിൽ മന്ത്രി KB ഗണേഷ് കുമാറിന്റെ നിർദ്ദേശപ്രകാരമാണ് മൊബൈൽ ഫോൺ സംവിധാനം ഏർപ്പെടുത്തിയത്.

✪✪✪

UDF നെ വൻ ഭൂരിപക്ഷത്തിൽ അധികാരത്തിൽ കൊണ്ടുവരാൻ സാധിച്ചില്ലെങ്കിൽ രാഷ്ട്രീയ വനവാസത്തിനു പോകുമെന്ന പ്രതിപക്ഷ നേതാവ് VD സതീശന്റെ നിലപാട് ധീരമാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് VM സുധീരൻ അഭിപ്രായപ്പെട്ടു. UDF ന്റെയും കോൺഗ്രസിന്റെയും അന്തസ് ഉയർത്തിപ്പിടിക്കുന്ന പ്രഖ്യാപനമാണിതെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. വെള്ളാപ്പള്ളി നടേശന്റെ വെല്ലുവിളിയ്ക്ക് ഉചിതമായ പ്രതികരണമാണിതെന്നും സുധീരൻ പറഞ്ഞു.

✪✪✪

മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് സാഹസികതയും വിനോദവും പകരുന്ന പുതിയ ഡോം തീയേറ്റർ പദ്ധതിയുമായി DTPC. മൂന്നാർ ഗവ. ബോട്ടാണിക്കൽ ഗാർഡനിലാണ് 360 ഡിഗ്രി സൂപ്പർ റിയാലിറ്റി ഡോം തീയേറ്റർ നിർമിച്ചിരിക്കുന്നത്.

✪✪✪

സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷന്റെ സംയോജിത ബോധവൽക്കരണ പരിപാടിക്ക് കണ്ണൂർ പേരാവൂരിൽ തുടക്കമായി. രാവിലെ ICDS ഹാളിൽ പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് K സുധാകരൻ ഉദ്ഘാടനം ചെയ്തു.

✪✪✪

നാളെ നോർക്ക റൂട്ട്സ് മഞ്ചേശ്വരത്ത് നടത്താനിരുന്ന സാന്ത്വന അദാലത്ത് മാറ്റിവെച്ചു. പുതുക്കിയ തിയതി പിന്നീട് അറിയിക്കും.

✪✪✪

പട്ടികജാതി ഗോത്രവർഗ്ഗ കമ്മീഷന്റെ കാസർകോട് പരാതി പരിഹാര അദാലത്ത് തുടരുന്നു. ഇന്നലെ 72 പരാതികൾ തീർപ്പാക്കി. 152 പരാതികളാണ് കമ്മീഷൻ പരിഗണിക്കുന്നത്.

✪✪✪

സംസ്ഥാനത്തെ 14 ജില്ലാപഞ്ചായത്ത് വാർഡ് വിഭജന കരട് നിർദ്ദേശങ്ങൾ സംബന്ധിച്ച് പരാതി സമർപ്പിച്ചവരെ തിരുവനന്തപുരം തൈക്കാട് PWD

റെസ്റ്റ്ഹൗസിൽ നാളെ നടക്കുന്ന സിറ്റിങ്ങിൽ De-Limitation കമ്മീഷൻ നേരിൽ കേൾക്കും. 14 ജില്ലകളിൽ നിന്ന് ആകെ 147 പരാതികളാണ് ലഭിച്ചത്.

✪✪✪

പ്രമുഖ കോൺഗ്രസ് നേതാവും മുൻ KPCC എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പറുമായ കണ്ണൂർ പയ്യന്നൂർ കൊക്കാനിശ്ശേരിയിലെ എം.നാരായണൻ കുട്ടി നിര്യാതനായി. 85 വയസ്സായിരുന്നു- സംസ്ക്കാരം വൈകിട്ട് നടത്തും.

✪✪✪

ആകാശവാണി കണ്ണൂർ നിലയവും , ജവഹർലാൽ നെഹ്റു പബ്ലിക് ലൈബ്രറിയും ചേർന്ന് വൈകിട്ട് മുഹമ്മദ് റഫി അനുസ്മരണ പരിപാടി സംഘടിപ്പിക്കും. ജവഹർ ലൈബ്രറി ഓഡിറ്റോറിയത്തിൽ സംഗീത സംവിധായകൻ ജെറി അമൽദേവ് റഫി അനുസ്മരണ പ്രഭാഷണം നടത്തും.

✪✪✪

ശബരിമല തീർത്ഥാടകാരുടെ വാഹനത്തിന് പ്ലാന്തോടിന് സമീപം തീ പിടിച്ചു. പാലക്കാട് സ്വദേശികളായ ആറംഗ സംഘമാണ് കാറിലുണ്ടായിരുന്നത്. ആർക്കും പരിക്കില്ല. അഗ്നിശമനസേന എത്തി തീ അണച്ചു.

✪✪✪

മലപ്പുറം എടക്കരയിൽ കൃഷിയിടത്തിലിറങ്ങിയ കാട്ടാനകൾ വിള നശിപ്പിച്ചു. ചെമ്പൻകൊല്ലി പറയനങ്ങാടിയിലെ തോട്ടത്തിലാണ് കാട്ടാനകൾ ഇറങ്ങിയത്. സോളാർ ഫെൻസിംഗ് തകർത്താണ് ആനകൾ എത്തുന്നതെന്ന് കർഷകർ ആരോപിച്ചു.

✪✪✪

തിരുവനന്തപുരം ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിൽപുലർച്ചെ നിറ പുത്തരി ചടങ്ങ് നടത്തി. പത്മ തീർത്ഥത്തിന്റെ തെക്കേ കൽമണ്ഡപത്തിനു സമീപത്തു നിന്ന് കതിർകറ്റകളും വഹിച്ച് വാദ്യമേളങ്ങളോടെയാണ് ഘോഷയാത്ര ആരംഭിച്ചത്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: ഫസ്ന ഫാത്തിമ*
*DEO: ഷീബ*